പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :7080

2.11.2011-ൽ മറുപടിയ്ക്ക്

## വഴിയോര ഭക്ഷണശാലകളും ടോയ്ലെറ്റുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി.ജോർജ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) വിനോദസഞ്ചാരകേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം കർമ്മ പദ്ധതികൾ ആണ് ഉള്ളതെന്നു വ്യക്തമാക്കാമോ; | എ) വിനോദസഞ്ചാരകേന്ദ്രങ്ങളിൽ അടിസ്ഥാന പശ്ചാത്തല സൗകര്യം ഒരുക്കുക, ഖര ജല മാലിന്യ നിർമ്മാർജ്ജന സംവിധാനം നടപ്പിലാക്കുക, മികച്ച ഗതാഗത സൗകര്യങ്ങൾ ഒരുക്കുക, വിനോദസഞ്ചാര ചൂണ്ടുപലകകൾ സ്ഥാപിക്കുക, വഴിയോര-ജലയോര സൗകര്യങ്ങൾ ഒരുക്കുക. ഇൻഫർമേഷൻ സെന്ററുകൾ , സുവനീർ ഷോപ്പുകൾ, ഗുണമേന്മയുള്ള ടോയ്ലെറ്റുകൾ, ഡോർമിറ്ററികൾ ഉൾപ്പെടുത്തിയിട്ടുള്ള താമസസൗകര്യങ്ങൾ തുടങ്ങിയവ ഉണ്ടാക്കുക, ബോട്ടു ടെർമിനലുകൾ, ബോട്ടു ജെട്ടികൾ, പാർക്കിംഗ് സൗകര്യം ഉണ്ടാക്കുക, ടൂറിസ്റ്റുകളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുക തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും ഉള്ളത്. |
| ബി) ടൂറിസം കേന്ദ്രങ്ങളിൽ മിതമായ നിരക്കിലുള്ള ഗസ്റ്റ് ഹൗസുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) ഇല്ല. |
| സി) തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് വഴിയോര ഭക്ഷണ സ്റ്റാളുകളും ടോയ്ലെറ്റുകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ